വരെയുള്ള ഭാഗം കേന്ദ്ര ഗവൺമെന്റിന്റെ ഇ ആന്റ് ഐ (E&I) പദ്ധതി യിൽപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണന്തല മുതൽ കേശവ ദാസപുരം വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിന് 14.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ റോഡിന്റെ കൊല്ലം ജില്ല യിൽപ്പെടുന്ന ഭാഗം നവീകരിക്കുന്നതിന് ഇ ആന്റ് ഐ പദ്ധതിയിൽപ്പെടു ത്താൻ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എം.സി. റോഡ് ദേശീയപാതയായി പ്രഖ്യാപിക്കണമെന്ന് 1992-ൽ സംസ്ഥാന മുഖ്യമന്ത്രി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിയമസഭയുടെ 9-ാം സമ്മേ ളനം എം.സി. റോഡ് ദേശീയപാതയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയം പാസാക്കുകയുണ്ടായി.

112 (1330) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിര മായി തീർക്കണമെന്ന് സർക്കാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പരവൂർ ജംഗ്ഷൻ മുതൽ തെക്കുംഭാഗം വരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കു ന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരുന്നതുമൂലമാണ് ഈ റോഡ് ഇപ്രകാരം ഗതാഗതയോഗ്യമല്ലാതായിത്തീർന്നതെന്നുള്ളത് കണ ക്കിലെടുത്ത് ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് എന്നത്തേയ്ക്ക് ഗതാഗതയോഗ്യമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ മാസം 31-നു മുമ്പ് തീർത്ത് ഗതാഗതയോഗ്യമാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിന് 121 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ മതിയായ വിഹിതം ലഭിച്ചശേഷം സാങ്കേതികാ നുമതി നൽകി പണി ഏറ്റെടുക്കുന്നതാണ്. ഇതിനകം 5 ലക്ഷം രൂപയുടെ താൽക്കാലിക പണികൾ അറേഞ്ച് ചെയ്തിട്ടുണ്ട്.

(സി)&(ഡി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയതിനുശേഷം ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

113 (1331) സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് നിർദ്ദേശം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly